# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6375 21.11.2019 ൽ മറുപടിക്ക്**

**പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ജർമൻ വികസന ബാങ്ക് വായ്പ**

**ചോദ്യം**

ശ്രീ.എൻ .എ.നെല്ലിക്കുന്ന്

എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ജർമൻ വികസന ബാങ്ക് വായ്പയിൽ നിന്ന് റോഡ് നവീകരിക്കുന്നതിന് എത്ര രൂപയാണ് വിനിയോഗിക്കുക എന്ന് വ്യക്തമാക്കാമോ;

ബി) റോഡ് നവീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പ്രളയത്തിൽ തകർന്ന റോഡുകൾ മാത്രമാണോ നവീകരിക്കുക എന്നും പ്രളയത്തിൽ തകർന്ന പഞ്ചായത്ത് റോഡുകൾ പുനർനിർമ്മിക്കുന്നതിന് ഈ ഫണ്ട് ഉപയോഗപ്പെടുത്തുമോ എന്നും വ്യക്തമാക്കാമോ;

**ഉത്തരം**

ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിന്റെ ഭാഗമായി പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി ജർമൻ വികസന ബാങ്കിന്റെ 1400 കോടി രൂപയുടെ (Euro 170 million) ധനസഹായം ലഭ്യമാക്കുന്നതിനു വേണ്ടി 06.11.2019ൽ കേരള സർക്കാരും ജർമൻ ബാങ്കുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

ബി) 2018 ജൂലൈ - ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ തകർന്നതായി പൊതുമരാമത്ത് നിരത്തു വിഭാഗം വിലയിരുത്തി തയ്യാറാക്കിയ 1600 കി.മീ പൊതുമരാമത്ത് റോഡുകളുടെ പട്ടിക കെ എസ് റ്റി പി യ്ക്ക് കൈമാറുകയും ആയതിൻ മേൽ ജർമൻ ബാങ്കിന്റെ നിർദ്ദേശാനുസരണം നവീകരിക്കുന്നതിനുള്ള റോഡുകളുടെ മുൻഗണനാക്രമത്തിലുള്ള പട്ടിക തയാറാക്കുന്നതിനായി പ്രളയം മൂലം മുങ്ങിയ റോഡുകൾ, മണ്ണിടിച്ചിലും മണ്ണൊലിപ്പും, പാരിസ്ഥിതിക സാമൂഹിക ആഘാതം, തന്ത്രപ്രധാന റോഡുകൾ, റൈറ്റ് ഓഫ് വേയുടെ ലഭ്യത, സാമ്പത്തിക ലഭ്യത, കലുങ്കുകളുടെ കോട്ടം, ജനവാസ മേഖല, റോഡുകളുടെ നീളം, വാഹനത്തിരക്ക്, പൊതുഗതാഗതം എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ചെന്നൈ ആസ്ഥാനമായ M/s L&T Infra Engineering

Ltd., മുഖാന്തിരം വിശദമായ പഠനം നടത്തി മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ട്. ആയതുപ്രകാരം പ്രഥമപരിഗണനയർഹിക്കുന്ന 819 കി.മീ വരുന്ന 31 റോഡുകൾക്ക് ആദ്യഘട്ടമായി പുനർനിർമ്മിക്കുന്നതിന് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അനുമതി നൽകിയതിൽ പ്രളയത്തിൽ തകർന്ന പഞ്ചായത്ത് റോഡുകൾ പുനർനിർമ്മിക്കുന്നതിന് ജർമൻ വികസന ബങ്കിന്റെ വായ്പ ലഭ്യമല്ല.

സി) എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ റോഡുകളാണോ ജർമ്മൻ വികസന ബാങ്ക് നൽകിയ വായ്പ ഉപയോഗിച്ച് നവീകരിക്കുക എന്നത് വ്യക്തമാക്കാമോ;

സി) എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിലെ റോഡുകൾ പുനർനിർമ്മിക്കുന്നതിന് ജർമൻ വികസന ബാങ്ക് വായ്പ ലഭ്യമാകുന്നതാണ്.

ഡി) എങ്കിൽ പ്രളയത്തിലും അല്ലാതെയും തകർന്ന് ദയനീയാവസ്ഥയിലുള്ളതും നവീകരണം അനിവാര്യമായിട്ടുള്ളതുമായ മലബാർ ജില്ലകളിലെ റോഡുകൾക്ക് ഇത്തരം ഫണ്ടുകൾ ഉപയോഗിക്കുമോ എന്ന് വ്യക്തമാക്കാമോ;

ഡി) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ള പ്രളയത്തിൽ തകർന്ന മലബാർ ജില്ലകളിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകൾ പ്രകൃതിദുരന്ത അതിജീവന ക്ഷമതയോടെ പുനർനിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക ശുപാർശകൾ ഉൾപ്പെടെയുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത രൂപരേഖ തയ്യാറാക്കുന്ന മുറയ്ക്ക് ലോകബാങ്ക് / ജർമൻ ബാങ്ക് എന്നിവരുടെ ധനസഹായത്തോടെ പ്രസ്തുത റോഡുകളും പുനർനിർമ്മിക്കുന്നതാണ്.

ഇ) ജർമ്മൻ വികസന ബാങ്ക് വായ്പ കൂടാതെ പ്രളയാനന്തരം റോഡുകൾ നന്നാക്കുന്നതിനു മറ്റേതെല്ലാം വായ്പകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇ) ജർമൻ വികസന വായ്പ കൂടാതെ ലോകബാങ്കും പ്രളയാനന്തര റോഡുകൾ പുനർനിർമ്മിക്കുന്നതിന് ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ